ഉത്തരം

കേരളത്തിലെ എഫ്. സി. ഐ. ഗോഡൗണുകൾക്ക് സംരക്ഷണം നൽകേണ്ട സാഹചര്യം ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കുക്കിംഗ് ഗ്യാസിന് നിലനിൽക്കുന്ന ക്ഷാമം

76 [2826] *ശ്രീ. ടി. കെ. ദേവകുമാർ:*

,, *വി. കെ. സി. മമ്മത്കോയ:*

,, *എ. സി. മൊയ്തീൻ:*

,, *വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുക്കിംഗ് ഗ്യാസിന് വൻതോതിൽ ക്ഷാമം അനുഭവപ്പെടുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ;

(ബി) ഇതു പരിഹരിക്കാൻ സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പാചകവാതക സിലിണ്ടറുകളുടെ ദുരുപയോഗം തടയുന്നതിനായി ഓയിൽ കമ്പനികൾ, ഗ്യാസ് ഏജൻസികൾക്കുള്ള അലോട്ട്മെന്റിൽ കുറവുവരുത്തിയതും ടാങ്കർ ലോറി സമരംമൂലം റീഫില്ലിംഗ് പ്ലാന്റുകളുടെ പ്രവർത്തനം നിലച്ചതും, ഗാർഹികാവശ്യ പാചകവാതക സിലിണ്ടറുകൾ ഹോട്ടലുകളിലും വാഹനങ്ങളിലും മറ്റും ദുരുപയോഗം ചെയ്യുന്നതും സംസ്ഥാനത്ത് നേരിയ തോതിൽ കുക്കിംഗ് ഗ്യാസിന് ക്ഷാമം അനുഭവപ്പെടുന്നതിന് കാരണമായിട്ടുണ്ട്.

(ബി) പാചകവാതക സിലിണ്ടറുകളുടെ ദുരുപയോഗം തടയുന്നതിന് ഹോട്ടലുകൾ, വാഹനങ്ങൾ എന്നിവ പരിശോധിക്കുകയും കുറ്റക്കാർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പരാതിക്കിട നൽകാതെ ഗ്യാസ് വിതരണം ചെയ്യുന്നതിന് ഗ്യാസ് ഏജൻസികൾക്ക് നിർദ്ദേശം നൽകുകയും ക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ കൂടുതൽ സിലിണ്ടറുകൾ നൽകുന്നതിന് ഓയിൽ കമ്പനികളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly